LIGHTED TO LIGHTEN

# ST. PAUL'S MAR THOMA PARISH
## KINGDOM OF BAHRAIN



## PARISH BULLETIN
## OCTOBER - 2023

+973 1725 0630 +973 3880 4243 P. O. Box 39049
stpaulsmtcbh@gmail.com, parishmarthoma.bh@gmail.com
www.stpaulsmarthomabahrain.com
St.Paul's Mar Thoma Parish Bahrain

(For private circulation among members only)



# വികാരിയിൽ നിന്ന്



ക്രിസ്തേശുവിൽ ഏവർക്കും സ്നേഹവന്ദനം.
പ്രിയ ദൈവജനമേ,

അക്രമരഹിത മാർഗ്ഗങ്ങളിലൂടെ അനിവാര്യമായ മാറ്റങ്ങൾ യാഥാർത്ഥ്യവത്കരിക്കാൻ സാധിക്കുമെന്നു ഉദ്ബോധിപ്പിക്കുന്ന ഗാന്ധിജയന്തിയോടെ ഒക്ടോബർ മാസം ആരംഭിക്കുന്നുവല്ലോ. ഏവർക്കും സന്തോഷ സമാധാനങ്ങൾ അനുഭവവേദ്യമാകുമാറു സമൂഹം പരിവർത്തനവിധേയമാകണമെന്നത് തികച്ചും ക്രിസ്തീയമാണ്. സമൃദ്ധമായ ജീവൻ വാഗ്ദാനം ചെയ്ത യേശുകർത്താവ് തന്റെ മരണപുനരുദ്ധാനങ്ങളിലൂടെ ജീവന്റെ പൂർണത സാക്ഷാത്കരിച്ചു. പുതിയ ലോകക്രമങ്ങളുടെ ഫലമായി അരികുവത്ക്കരിക്കപ്പെട്ടതും ദുർബല വിഭാഗമെന്നും പിന്നോക്കമെന്നും പരിഗണനാർഹമല്ലെന്നും മുദ്രകുത്തപ്പെട്ട വിവിധ ന്യൂനപക്ഷങ്ങളുടെ ക്ഷേമം ഉറപ്പാക്കേണ്ടത് ക്രിസ്തീയ ദൗത്യത്തിന്റെ ഭാഗം തന്നെയാണ്. പരമ്പരാഗതമായി വേരുറച്ചുപോയ ചില ബോധ്യങ്ങളുടെയും അടിസ്ഥാനചിന്താഗതികളുടെയും സമൂലമായ ഒരു പൊളിച്ചെഴുത്ത് ഇന്നിന്റെ ആവശ്യമാണ്. ദൈവരാജ്യമൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഒരു നവസമൂഹ നിർമ്മിതിയിൽ സഭ ഏർപ്പെടേണ്ടത് അത്യന്താപേക്ഷിതമാണ്. പ്രാദേശിക ചുറ്റുപാടുകളിൽ ഇതിനുള്ള സാധ്യതകൾ കണ്ടെത്തി പ്രവർത്തിക്കുമ്പോൾ ഇടവകകളും സജീവമാകും.

ദൈവഹിതമായാൽ ഈ മാസം ഇരുപതാം തീയതി വെള്ളിയാഴ്ച ഇടവകദിനാചരണത്തിനായി നമ്മൾ ഒരുങ്ങുന്നുവല്ലോ. പ്രാർത്ഥനാപൂർണമായ ഒരുക്കം ആവശ്യമാണ്. ആത്മപരിശോധനയുടെയും ആത്മസമർപ്പണത്തിന്റെയും സന്ദർഭമാണ് ഇത്. ദൈവം ആഗ്രഹിഹിക്കുന്ന വിധത്തിൽ യേശുക്രിസ്തു കാട്ടിത്തന്ന പാതയിലൂടെ പരിശുദ്ധാത്മശക്തിയോടുകൂടെ സഞ്ചരിച്ച് സാക്ഷ്യനിർവഹണത്തിൽ മുന്നേറാൻ എതത്തോളം സാധിച്ചു എന്ന് ശാന്തമായും ഗൗരവമായും വിലയിരുത്തപ്പെടണം. കുറവുകളെ കണ്ടെത്തി അവയെ പരിഹരിച്ച് മാനസാന്തര അനുഭവത്തിൽ മുന്നേറാനുള്ള സമർപ്പണവും ഉണ്ടാകണം. ഇടവകജനത്തിന്റെ ആത്മീയ ജീവിതം ആഴപ്പെടണം. കുരിശെടുത്തുള്ള അനുഗമനത്തിനു വിശ്വാസ സമൂഹം പാകപ്പെടണം. ഇടവക ദിനാചരണവും അതിനോട് ചേർന്നു നടത്തപ്പെടുന്ന കൺവൻഷൻ യോഗങ്ങളും ഇതിനു സഹായകരമാവണം എന്ന പ്രാർത്ഥനയോടെ ഇക്കാര്യങ്ങളിൽ സംബന്ധിക്കുവാൻ എവരും ഉത്സാഹിക്കണമെ.

ചിതറിക്കപ്പെട്ട സമൂഹം എന്ന നിലയിൽ നാം ആയിരിക്കുന്ന ഇടങ്ങളിൽ ക്രിസ്തീയ സാന്നിദ്ധ്യം അടയാളപ്പെടുത്തേണ്ടതിൻെറ ഉത്തരവാദിത്തം നമ്മിൽ ഊട്ടി ഉറപ്പിക്കുന്ന സന്നദ്ധസുവിശേഷക സംഘദിനാചരണം ആദ്യവാരത്തിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ആശുപത്രി സന്ദർശനം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇടവകമിഷൻ പ്രസ്തുത വാരത്തിൽ ക്രമീകരിച്ചിട്ടുള്ളത് അഭിനന്ദനാർഹമാണ്. വ്യത്യസ്തതകൾ നിലനിൽക്കവേ എല്ല സൃഷ്ടിയ്ക്കും അന്തസ്സുണ്ട് എന്ന സത്യം ഉച്ചത്തിൽ ഘോഷിക്കുന്നതിനായി വ്യത്യസ്ത കഴിവുകൾ ഉള്ളവരുടെ ദിനം ആചരിക്കുന്നു. ക്രിസ്തുവിനോട് കൂടെ നിലനിൽക്കേണ്ട യൗവ്വനം എന്ന വിഷയത്തെ അടിസ്ഥാനമാക്കി യുവജനഞായറും ആചരിക്കപ്പെടുന്നു. യൗവ്വനത്തിൻെറ സാധ്യതകളെല്ലാം ദൈവനാമ മഹത്വത്തിനായി ഉപയോഗപ്പെടുത്തുവാൻ യുവജനങ്ങൾക്ക് സാധിക്കേണ്ടതാണ്. ഭൂമിയിൽ ദൈവരാജ്യത്തെ യാഥാർത്ഥ്യവത്കരിക്കുന്നതിനായി ദൈവത്താൽ നിയോഗിതമായ കുടുംബം എന്ന സ്ഥാപനത്തെ ധ്യാനിക്കുന്ന കുടുംബ ഞായർ ആചരണം നമ്മുടെ എല്ലാ കുടുംബങ്ങളുടെയും നവീകരണത്തിനും പുനപ്രതിഷ്ഠയ്ക്കും സഹായകരമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തുടർന്ന് ദൈവത്തോടും മനുഷ്യരോടും അനുരഞ്ജനപ്പെടുവാൻ നമ്മെ സജ്ജമാക്കുന്ന കുമ്പസാരം എന്ന കൂദാശയെപ്പറ്റി ധ്യാനിച്ചുകൊണ്ട് ഈ മാസത്തെ ധ്യാനങ്ങൾ അവസാനിക്കുന്നു.

സഭയെ സംബന്ധിച്ച് ഏറെ സന്തോഷകരമായ ദിനങ്ങളാണ് ഇന്നുള്ളത്. സഭാപ്രതിനിധിമണ്ഡലം ഏറ്റവും അനുഗ്രഹീതമായി നടത്തപ്പെട്ടു. എപ്പിസ്കോപ്പാസ്ഥാനത്തേക്ക് പ്രാർത്ഥനാപൂർവ്വം മൂന്ന് വൈദികരെ തെരഞ്ഞെടുക്കുവാൻ കഴിഞ്ഞത് സഭാമക്കൾക്ക് ഈ സഭയോടുള്ള സ്നേഹ ത്തിൻെറയും കടപ്പാടിൻെറയും തെളിവാണ് റമ്പാൻ സ്ഥാനത്തേക്ക് ഉയർ ത്തപ്പെടുന്ന ദിവ്യ ശ്രീ.സാജു സി.പാപ്പച്ചൻ, ദിവ്യ ശ്രീ. ഡോ.ജോസഫ്.ഡാനിയേൽ,ദിവ്യ ശ്രീ.മാത്യു കെ.ചാണ്ടി എന്നീ വൈദികർക്ക് വേണ്ടി നമുക്കും പ്രാർത്ഥിക്കാം. നമ്മുടെ സഭയ്ക്ക് അനുഗ്രഹീതമായ നേതൃത്വം നൽകാൻ ഈ പ്രിയപ്പെട്ടവരെ ദൈവം ശക്തീകരിക്കട്ടെ. ഇടവകദിനം ആചരിക്കുന്ന വേളയിൽ എല്ലാ ഇടവകാംഗങ്ങൾക്കും പ്രാർത്ഥനയും ഭാവുകങ്ങളും നേർന്നുകൊണ്ട്,

കർത്താവ് ഏവരേയും അനുഗ്രഹിക്കട്ടെ.
എന്ന് പ്രാർത്ഥനയോടെ, സ്നേഹത്തോടെ,

നിങ്ങളുടെ
**മാത്യു ചാക്കോ അച്ചൻ**
mathewchacko2008@gmail.com.
Mob.: +973 38804243

## Holy Qurbana, at St. Paul's Mar Thoma Parish, Sugaiya

| Date & Day | Time | Significance Of the Day | Theme Of the Day |
|---|---|---|---|
| 06-10-23 (Friday) | **08:00AM** | Voluntary Evangelist's Association Day | Christian Presence in different living spaces |
| 13-10-23 (Friday) | **09:00AM @CSI CHURCH** | Hudos Eetho-Renewal of the Church | Festival of Unity of CSI,CNI and Marthoma |
| 20-10-23 (Friday) | **08:00AM** | Parish Day | |
| 27-10-23( Friday) | **06:00PM** | Youth Sunday | Youth With Christ |

## Reading of The Month

| Date & Day | Assist Ward | 1st lesson | 2nd Lesson | Epistle | Gospel |
|---|---|---|---|---|---|
| 06-10-23 (Friday) | Edavaka Mission | Isa 49: 1-6 | Acts 16:19-34 | Gal 1:11-17 | Luke 12: 41-48 |
| 13-10-23 (Friday) | Budaiya | Josh 22:21-29 | Eph 4:1-7 | 1 Cor 12: 12-27 | John 10:11-18 |
| 20-10-23 (Friday) | Kaisthanna Samithi | Isa 60 :1-22 | Phil 2: 1-18 | Acts 17:10-17 | Luke 13:1-9 |
| 27-10-23(Friday) | Yuvajana sakhyam | Dan 1:11-17 | 1Pet 3:13-18 | 1Tim 4:11-16 | Matt 7:21-27 |

## Important Events

**Oct 6th : Sannadha Suvisheshaka Sangha Dhinam & Hospital Visit**
**Oct 7th : Fasting Prayer (Sevika Sangham)**
**Oct 13th : Ecumenical Day @ CSI Church**
**Oct 17th -19th : Edavaka Convention**
**Oct 20th : Parish Day**
**Oct 27th : Youth Sunday**

## AREA PRAYER MEETINGS

| SL.NO | NAME | ADDRESS | AREA | DATE & TIME | MOB.NO |
|---|---|---|---|---|---|
| 1. | Mr. Varghese Mathew | Flat-01, Bldng-962, Road-2921, Block-329 | Pepsicola | 06/10/23 @ 4:00PM | 39900643 |
| 2. | Mr. Shiju T Kunjumon | Flat-12, Bldng-412A, Road-921, Block-209 | Muharraq | 13/10/23 @3PM | 3979757 |
| 3. | Mr. Jibimon Pappachan | Flat-24, Bldng-1378, Road-2115, Block-321 | Gudebiya Near BFC Exhibition Road | 13/10/23 @4:30PM | 39328626 |

## CHURCH ORGANIZATION CONTACT

| SL.NO | ORGANIZATION | NAME | MEETINGS | MOB.NO |
|---|---|---|---|---|
| 1. | Senior Citizen Forum | Mr. Kuruvilla Abraham | Every 2nd Saturday @7:30pm | 39296734 |
| 2. | Edavaka Mission | Mr. Shibu Chacko | Every Sunday @7:30pm | 39754346 |
| 3. | Sunday School | Mr. Mathew Baby<br>Mr. Shibu T Kunjumon | First, second & Fifth Friday @11:00AM<br>Third & Forth Friday @9:30AM | 39308508<br>39204930 |
| 4. | Suvishesha Sevika Sangham | Mrs. Jaya Regi | Every Thursday @ 7:30pm | 39568030 |
| 5. | Yuvajanasakhyam | Mr. Ebin Mathew Oommen | Every Friday after church service | 38058485 |
| 6. | Choir Practice | Mr. Samuel Aniyan (choir master)<br>Mr. Anish Jacob George (Secretary) | Every Tuesday @ 7:30pm | 39275024<br>37781891 |

## PRAYER REQUEST

- **For Kingdom Of Bahrain**
- **Our Nation**
- **For Edavaka Convention & Parish Day**
- **Parish Registration**
- **People who are sick**



## WELCOMING NEWBORN BABIES TO OUR PARISH

1. **David Jose Joel**
   **S/O Mrs. & Mr. Joel Eapen Jose (Roll No-444)**

2. **Edwin Binu Thankachan**
   **S/0 Mrs. & Mr. Binu Thankachan (Roll No-520)**





**മലങ്കര മാർത്തോമാ സുറിയാനി സഭയുടെ നിയുക്ത റമ്പാൻമാരായ**

**Very Rev. Saju C. Pappachen Ramban,**
**Very Rev. Dr. Joseph Daniel Ramban,**
**Very Rev. Mathew K. Chandy Ramban**

**എന്നിവർക്ക്**

**ബഹ്റൈൻ സെന്റ് പോൾസ് മാർത്തോമാ ഇടവകയുടെ**

# പ്രാർത്ഥനാശംസകൾ!

*We are Ambassadors for Christ*

**(II Cor. 5:20)**

ആശംസകളോടെ!!

*Well Wisher*

ALHAYAT PRINTING 17554760 - alhayatprinting@gmail.com